ഉത്തരം

(എ & ബി) കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി സഹകരിച്ച് ദുബായ് കെ.എം.സി.സി. സ്നേഹസ്പർശം എന്ന പരിപാടി നടപ്പിലാക്കുന്നില്ല. എന്നാൽ സംസ്ഥാനത്ത് ചൂഷണത്തിന് വിധേയമായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ അഗതികളായ വനിതകൾക്കുവേണ്ടി സ്നേഹസ്പർശം എന്ന പേരിൽ ഒരു പദ്ധതി കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കി വരുന്നുണ്ട്. അർഹരായവർക്ക് പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്നു.

(സി) സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിയുടെ നടത്തിപ്പിനായി 2014-15 സാമ്പത്തിക വർഷം 1 കോടി അമ്പത് ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പരിഗണനയിലില്ല.

ജെണ്ടർ പാർക്ക് പദ്ധതിയുടെ നടത്തിപ്പ്

244 (7543) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ജെണ്ടർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി ഏത് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ബി) കഴിഞ്ഞ സർക്കാർ നിയമിച്ച ഓഫീസറാണോ ഇപ്പോഴും തുടരുന്നത് ; ഈ നിയമനം കോൺട്രാക്ട് വ്യവസ്ഥയിലുള്ളതാണോ ;

(സി) ഈ ഓഫീസർ ഒരുമാസം വാങ്ങുന്ന ശമ്പളത്തിന്റെ വിവരം നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജെണ്ടർ പാർക്ക് പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായ ഡോ. പി. റ്റി. മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഡോ. പി. റ്റി. മുഹമ്മദ് സുനീഷിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്.

(സി-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മാതൃകാ അംഗൻവാടി

245 (7544) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറഞ്ഞത് 5 സെന്റ് ഭൂമി കൈവശമുള്ള അംഗൻവാടികളെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടും വകുപ്പ് ഫണ്ടും ഉപയോഗിച്ച് ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി പ്രകാരം അംഗൻവാടിക്ക് സ്വന്തമായി കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണ്.

അംഗൻവാടികളുടെ വികസനത്തിനായി അനുവദിച്ച തുക

246 (7545) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ ഉണ്ട് ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) അംഗൻവാടികളുടെ വികസനത്തിനായി 2012-13, 2013-14 വർഷങ്ങളിൽ എത്ര തുക നീക്കിവച്ചു ; എത്ര ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

അമ്പലപ്പുഴ മണ്ഡലത്തിലെ മാതൃകാ അംഗൻവാടി

247 (7546) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര അംഗൻവാടികളാണ് പ്രവർത്തിക്കുന്നത് ; അവയിൽ എത്ര എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളുണ്ട് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly